**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6268 03.04.2018-ൽ മറുപടിയ്ക്ക്

**ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിലുള്ള അനാസ്ഥ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിലുള്ള അനാസ്ഥ പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നതായി ആസൂത്രണബോർഡ് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലെ അവ്യക്തത പദ്ധതി നിർവ്വഹണങ്ങൾക്ക് തടസ്സമാവുന്നതായി ആസൂത്രണ ബോർഡ് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇപ്രകാരമുള്ള അറിയിപ്പ് ആസൂത്രണ ബോർഡിൽ നിന്നും ലഭിച്ചിട്ടില്ല. |
| (സി) | ഭരണ-സാങ്കേതിക അനുമതികൾ ലഭിക്കുന്നതിലുള്ള താമസവും ഫണ്ട് അനുവദിക്കുന്നതിലും അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലുള്ള വൈദഗ്ധ്യക്കുറവ് എന്നിവയും എസ്.സി. പദ്ധതികളുടെ നടത്തിപ്പിന് തടസ്സമാവുന്നുണ്ടോ; | (സി) & (ഡി) | ഭരണാനുമതി/സാങ്കേതികാനുമതി/ഫണ്ട് എന്നിവ അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാനായി ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യവിതരണം, ഭവന നിർമ്മാണം, ചികിത്സ എന്നിവ ഓൺലൈനാക്കുകയും വിവരങ്ങൾ ഫോണിലൂടെ ലഭിക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലെ വൈദഗ്ധ്യക്കുറവ് പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ഇവയെല്ലാം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ